പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1828 16.06.2014 ൽ മറുപടിക്ക്

## ക്രമസമാധാന കുറ്റാന്വേഷണ വിഭാഗങ്ങൾ

| ചോദ്യം<br>**ശ്രീ.ഡൊമിനിക് പ്രസന്റേഷൻ**<br>**ശ്രീ.വി.റ്റി.ബൽറാം**<br>**ശ്രീ.എ.റ്റി.ജോർജ്**<br>**ശ്രീ.വി.പി.സജീന്ദ്രൻ** | മറുപടി<br>**രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |
|---|---|
| **എ)** ക്രമസമാധാന പരിപാലന ചുമതലയും കുറ്റാന്വേഷണ ചുമതലയും വെവ്വേറെ ആക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;<br><br>**ബി)** ഇതിന് എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ലഭിക്കുന്നത് ; വിശദമാക്കുമോ;<br><br>**സി)** ഇതിനായി എന്തെല്ലാം നടപടികൾ സ്വീകിരിച്ചിട്ടുണ്ട്; വിശദമാക്കുമോ ? | **എ)** യും **ബി)**യും **സി)** യും.<br>സംസ്ഥാനത്തെ പോലീസ് സേനയിൽ 'സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവസ്റ്റിഗേഷൻ' എന്ന പേരിൽ ഒരു വിദഗ്ദ്ധ അന്വേഷണ വിഭാഗം രൂപീകരിക്കുന്നതു സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യപടിയായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ പോലീസ് സിറ്റി ജില്ലകളിൽ ക്രമസമാധാനവും അന്വേഷണവിഭാഗവും വേർതിരിച്ച് പ്രവർത്തനം നടത്തി വരികയാണ്. ത്വരിത ഗതിയിലുള്ള അന്വേഷണ പൂർത്തീകരണവും ഫലപ്രദമായ ക്രമസമാധാന പാലനവും ഉറപ്പു വരുത്തുകയെന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ശ്രീ.പ്രേംശങ്കർ ഐ.പി.എസ് (റിട്ട.)-നെ ഇപ്രകാരം ഒരു അന്വേഷണ വിഭാഗം രൂപീകരിക്കുന്നത് സംബന്ധിച്ചും, |

| | |
|---|---|
| | ക്രമസമാധാനവും, കേസന്വേഷണവും വേർതിരിക്കുന്നതിനുള്ള നിർദ്ദേശം പ്രാവർത്തികമാക്കു-ന്നതിനുള്ള ഭരണപരവും പ്രായോഗികവും, സാമ്പത്തികവുമായ നിർദ്ദേശങ്ങൾ പഠിച്ച് സമഗ്രമായ റിപ്പോർട്ട് നൽകുന്നതിനുമുള്ള കമ്മീഷനായി നിയമിച്ചിരുന്നു. എന്നാൽ പ്രസ്തുത വിഷയത്തിൽ കമ്മീഷൻ ഇതുവരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. കേന്ദ്ര സഹായങ്ങൾ ഒന്നും ലഭിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ